## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 559 | 04/02/2020 ൽ മറുപടിക്ക്

## പരമ്പരാഗത കരകൗശല മേഖലയുടെ പരിപോഷണം

### ചോദ്യം
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

(എ) പരമ്പരാഗത കരകൗശല മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പരമ്പരാഗത കരകൗശല തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കയാണെന്ന് വ്യക്തമാക്കാമോ;

(സി) കരകൗശല മേഖലയിലെ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് 'ആഷ' പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഈ പദ്ധതിയിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

### ഉത്തരം
ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

(എ) യും (ബി) യും (സി) യും പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും ഉന്നമനത്തിനുമായി ബഹുമുഖപ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പക്സ് സഹകരണ സംഘം (സുരഭി), കേരള സംസ്ഥാന മുള വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ആർട്ടിസാൻസ് വികസന കോർപ്പറേഷൻ (കാഡ്കോ), കേരളാ പനയുൽപ്പന്ന വികസന ക്ഷേമ കോർപ്പറേഷൻ (കെൽപാം), കേരളാ ബാംബൂ മിഷൻ എന്നീ സ്ഥാപനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലും സാമ്പത്തിക സഹായത്തിലും പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനങ്ങളിലൂടെ വിവിധ പദ്ധതികൾ മുഖേന കരകൗശല മേഖലയുടെ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. സർക്കാരിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി കരകൗശല തൊഴിലാളികൾക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിച്ചു നൽകുക, പരിശീലനം നൽകുക, ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുക, വിപണനത്തിനായി സ്ഥിരം സംവിധാനങ്ങൾ നിലനിർത്തുകയും വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിച്ച് വിപണികൾ കണ്ടെത്തുക എന്നിവയും ഈ സ്ഥാപനങ്ങൾ നടത്തി വരുന്നു. കൂടാതെ കരകൗശല മേഖലയിൽ ചെറുകിട സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി "ആഷ" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

Assistance Scheme for Handicraft Artisans എന്ന ഈ പദ്ധതി പ്രകാരം കരകൗശല മേഖലയിലെ ചെറുകിട സംരംഭങ്ങൾക്ക്, അതിനാവശ്യമുള്ള കെട്ടിടം/പണിശാല, യന്ത്ര സാമഗ്രികൾ, ഉപകരണങ്ങൾ, പണിശാലയിലെ വൈദ്യുതീകരണം തുടങ്ങി സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 40% തുക, പരമാവധി രണ്ടുലക്ഷം രൂപാ ധനസഹായം ചെയ്യുന്നു. പട്ടികജാതി/പട്ടികവർഗ്ഗ, വനിതാ, യുവജന സംരംഭകർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 50% തുക, പരമാവധി 3 ലക്ഷം രൂപ ധനസഹായം ലഭിക്കുന്നു.

കരകൗശല മേഖലയിലെ ആധുനിക വൽക്കരണത്തിനും കരകൗശല തൊഴിലാളികളുടെ ഉൽപ്പന്നങ്ങളുടെ വിപണി വിപുലീകരണത്തിനുംവേണ്ടി കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും സഹായത്തോടെ ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ ഗാന്ധിശിൽപ്പ ബസാർ, ക്രാഫ്റ്റ് ബസാറുകൾ, കരകൗശല എക്സിബിഷനുകൾ എന്നിവ സംഘടിപ്പിച്ചിരുന്നു. ഈ അടുത്ത കാലയളവിൽ ഇത്തരത്തിൽ 68 മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്.

കരകൗശല തൊഴിലാളികളുടെ നൈപുണ്യവികസനത്തിനായി സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഡിസൈൻ ഡവലപ്പ്മെന്റ് വർക്ക്ഷോപ്പും വിവിധ ക്രാഫ്റ്റുകളിലായി ട്രെയിനിംഗും സുരഭി നടത്തി വരുന്നു. അതുപോലെ കരകൗശല വികസന കോർപ്പറേഷന്റെ കീഴിൽ ഒരു പ്രത്യേക ക്രാഫ്റ്റിൽ വൈദഗ്ദ്യം ലഭിച്ച ഒരു കൂട്ടം ശിൽപികൾക്കു പരിശീലനത്തിനും വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കാനും 3 പൊതുസേവന കേന്ദ്രങ്ങൾ പൂർത്തീകരിച്ചുവരുന്നു. ഡിസൈൻ വർക്കാഷോപ്പുകൾ, ഇന്റഗ്രേറ്റഡ് ഡിസൈൻ ഡവലപ്മെന്റ് വർക്ക്ഷോപ്പുകൾ, സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം, ശിൽപ്പ അവബോധന പ്രോഗ്രാമുകൾ, സൗജന്യ ടൂൾ കിറ്റ് വിതരണം, കരകൗശല കലാകാരൻമാർക്ക് വായ്പാപദ്ധതി എന്നിവയും നടപ്പാക്കി വരുന്നു. ഈ സർക്കാർ

അധികാരത്തിൽ വന്നതിന് ശേഷം പാലക്കാട്ടും, കണ്ണൂരിലും ഇന്റർനാഷണൽ കരകൗശല എക്സിബിഷനുകൾ സംഘടിപ്പിച്ച് കരകൗശലമേഖലയെ പ്രോത്സാഹിപ്പിച്ചു. കൂടാതെ ഓൺലൈൻ മാർക്കറ്റിംഗും ആരംഭിച്ചു.

Radhakrishnan

സെക്ഷൻ ഓഫീസർ